പുതിയ സ്കൂളുകൾ തുടങ്ങാനുള്ള സ്ഥലനിർണ്ണയം

114 [157] ശ്രീ. ആർ. സുന്ദരേശൻ നായർ:

,, എൻ. ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തിൽ എത്ര പുതിയ സ്കൂളുകൾക്ക് സ്ഥല നിർണ്ണയം നടത്തിയിരുന്നു;

(ബി) ഇതിൽ എത്ര സ്കൂളുകൾ തുടങ്ങാൻ അനുവാദം കൊടുത്തു;

(സി) സ്ഥലനിർണ്ണയം നടത്തിക്കൊണ്ടുള്ള നോട്ടിഫിക്കേഷനിൽ ഉൾപ്പെട്ട എത്ര സ്കൂളുകൾ തുടങ്ങാതെയുണ്ട്;

(ഡി) പ്രസ്തുത നോട്ടിഫിക്കേഷനിൽ ഉൾക്കൊള്ളിച്ചിട്ടില്ലാത്ത എത്ര സ്കൂളുകൾ അനുവദിച്ചിട്ടുണ്ട്;

(ഇ) അവ ഏതൊക്കെയാണ് ?

ഉത്തരം

(എ) 326 സ്കൂളുകൾക്ക് (അംഗീകൃത സ്കൂളുകൾ ഉൾപ്പെടെ).

(ബി) 316 സ്കൂളുകൾ.

(സി) 10 സ്ഥലങ്ങളിൽ.

(ഡി, ഇ) നോട്ടിഫിക്കേഷനിൽ ഉൾക്കൊള്ളിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ സ്കൂളുകൾ അനുവദിച്ചിട്ടില്ല.

പ്രീഡിഗ്രി പരീക്ഷാർത്ഥികൾ

115 [159] ശ്രീ. ആർ. സുന്ദരേശൻ നായർ:

,, എൻ. ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ കേരള സർവകലാശാലയുടെ പ്രീഡിഗ്രി പരീക്ഷയ്ക്കു അംഗീകൃത കോളേജുകളിൽ നിന്നും എത്ര വിദ്യാർത്ഥികൾ അയക്കപ്പെട്ടിരുന്നു;

(ബി) അതേ പരീക്ഷയ്ക്കു പ്രൈവറ്റായി എത്ര വിദ്യാർത്ഥികൾ എഴുതി;

(സി) അത്രയും വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതിനു വേണ്ടി അംഗീകൃത കോളേജുകളിൽ ഷിഫ്റ്റ് അനുവദിച്ചാൽ വരുവുന്ന അധികച്ചെലവ് എത്ര ?

ഉത്തരം

(എ) 1979 ഏപ്രിൽ/മേയ് പരീക്ഷയ്ക്കു പ്രീഡിഗ്രി ഒന്നാം വർഷ പരീക്ഷക്ക് 37,374 വിദ്യാർത്ഥികളും രണ്ടാം വർഷ പരീക്ഷയ്ക്കു 34,065 വിദ്യാർത്ഥികളും അയക്കപ്പെട്ടിരുന്നു.

(ബി) പ്രീഡിഗ്രി ഒന്നാം വർഷ പരീക്ഷയ്ക്കു 36,382-ം രണ്ടാംവർഷ പരീക്ഷയ്ക്കു 22,659-ം വിദ്യാർത്ഥികൾ എഴുതി.

(സി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly